**കേരള ഫീഡ്സ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
**കല്ലേറ്റും കര, തൃശ്ശൂർ ജില്ല., പിൻ 680 683**
**ഫോൺ : 0480 - 2713550**
**ഫാക്സ് : 04802720194, E- mail: materials.kfl@kerala.gov.in**
**Website : www.keralafeeds.com**

**KFL/1076/04** **11.06.2025**

## ദർഘാസ്

കേരള ഫീഡ്സ് ലിമിറ്റഡിലെ അസംസ്കൃത പദാർത്ഥ സംഭരണ ശാല / കാലിത്തീറ്റ സംഭരണശാല / പഴയ സൈലോ / പുതിയ സൈലോ എന്നിവിടങ്ങളിലെ വിവിധ ഭാഗങ്ങളിലുള്ള ചോർച്ചകൾ കമ്പനി നൽകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് അടക്കുന്നതിനും , ഗട്ടറുകൾ വൃത്തിയാക്കുന്നതിനും വേണ്ടി മുൻപരിചയം ഉള്ളവരിൽ നിന്നും **രണ്ടു വർഷത്തേയ്ക്ക്** ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ദർഘാസ് സമർപ്പിക്കുന്ന വ്യക്തി തന്നെ സ്വീകരിക്കേണ്ടതാണ്.

ദർഘാസ് ഫോറത്തിനായി **472/-** രൂപ (₹400/-+18% ജി.എസ്.ടി) അടച്ച് രസീത് മെറ്റീരിയൽസ് ഡിപ്പാർട്ടുമെന്റിൽ കാണിച്ച് ദർഘാസ് ഫോറം വാങ്ങേണ്ടതാണ്. ദർഘാസ് ഫോറം 01.07.2025 ന് 12.00 PM വരെ കമ്പനിയുടെ മെറ്റീരിയൽസ് വിഭാഗത്തിൽ നിന്നും ലഭ്യമാണ്. ദർഘാസ് ഫോറം www.keralafeeds.com എന്ന കമ്പനിയുടെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്. ദർഘാസ് ഫോറം down load ചെയ്യുന്നവർ എല്ലാ പേജുകളും (നിബന്ധനകൾ ഉൾപ്പെടെ) പൂർണ്ണമായും down load ചെയ്യേണ്ടതാണ്. അത്തരം ദർഘാസുകൾക്ക് ദർഘാസിന്റെ വിലയായ 472/- രൂപ നിർബന്ധമായും കമ്പനിയിൽ അടച്ചിരിക്കേണ്ടതാണ്. നിർദ്ദിഷ്ട മാതൃകയിൽ പൂരിപ്പിച്ച ദർഘാസുകൾ മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര എന്ന പേരിൽ **01.07.2025 ന്, 1** മണിക്ക് മുമ്പായി കമ്പനിയിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം **2.00** മണിക്ക് ദർഘാസുകൾ തുറക്കുന്നതാണ്. **4000/-രൂപ** (നാലായിരം രൂപ) നിരതദ്രവ്യം (E.M.D) അടച്ച രസീത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. കേരള ഫീഡ്സിന്റെ ജീവനക്കാർക്കോ, കേരള ഫീഡ്സിലെ അംഗീകൃത ഹെഡ്ലോഡ് തൊഴിലാളികൾക്കോ ദർഘാസിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

കേരള ഫീഡ്സ് ലിമിറ്റഡ് വേണ്ടി

**ഒപ്പ്**
**മാനേജിംഗ് ഡയറക്ടർ**

കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കല്ലേറ്റും കര, തൃശ്ശൂർ ജില്ല., പിൻ 680 683
ഫോൺ : 0480-2713550
ഫാക്സ് : 04802720194
E- mail: materials.kfl@kerala.gov.in
Website : www.keralafeeds.com

**KFL/1076/04** **11.06.2025**

**ദർഘാസ്**

കേരള ഫീഡ്സ് ലിമിറ്റഡിലെ അസംസ്കൃത പദാർത്ഥ സംഭരണ ശാല / കാലിത്തീറ്റ സംഭരണശാല / പഴയ സൈലോ / പുതിയ സൈലോ എന്നിവിടങ്ങളിലെ വിവിധ ഭാഗങ്ങളിലുള്ള ചോർച്ചകൾ കമ്പനി നൽകുന്ന അസംസ്കൃതപദാർത്ഥങ്ങൾ ഉപയോഗിച്ച് അടക്കുന്നതിനും , ഗട്ടറുകൾ വൃത്തിയാക്കുന്നതിനും വേണ്ടിയുള്ള ദർഘാസ് വരുന്ന രണ്ടു വർഷക്കാലയളവിലേയ്ക്ക് ക്ഷണിക്കുന്നു
.

ദർഘാസ് ഫോറം ലഭിക്കുന്ന അവസാന തിയതി : 01.07.2025 12.00 PM വരെ

ദർഘാസ് സമർപ്പിക്കേണ്ട അവസാന തിയതി : 01.07.2025, 1.00 PM

ദർഘാസുകൾ തുറക്കുന്ന തിയതി : 01.07.2025, 2.00 PM

ദർഘാസ് സമർപ്പിക്കുന്ന ആളുടെ പേര് :

വിലാസം :

ഫോൺ :

**ദർഘാസുകാരന്റെ പേര്, ഒപ്പ്**

**ദർഘാസ് ഫോറം ഫീ: ₹472/- (₹ 400/-+ 18 % ജി.എസ്.ടി)**
**നിരതദ്രവ്യം - ₹ 4000/-**

. **ചെയ്യേണ്ട ജോലികൾ.**

1. അസംസ്കൃത പദാർത്ഥ സംഭരണ ശാല / കാലിത്തീറ്റ സംഭരണ ശാല എന്നിവയുടെ മുകളിലെ roof മേലുള്ള എല്ലാ ഗട്ടറുകളും വൃത്തിയാക്കി മഴവെള്ളം തടസ്സം കൂടാതെ ഗട്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള pipe-ൽ കൂടി ഒഴുകുവാനുള്ള സംവിധാനം ഒരുക്കുക. മഴ വെള്ളം ഗട്ടറുകളിൽ തങ്ങി നിൽക്കാത്ത വിധം അവ വൃത്തിയാക്കുക.

2. ഗട്ടറുകളുടെ expansion joints കളിൽ roofing compound fill ചെയ്ത് മഴവെള്ളം ഗോഡൗണിനകത്ത് വരാത്ത വിധം സംരക്ഷിക്കുക.

3. മേൽക്കൂരയ്ക്ക് മുകളിലുള്ള waste material മാറ്റി മുകൾ ഭാഗം വൃത്തിയാക്കി ചോർച്ചയുള്ള സ്ഥലങ്ങൾ roofing compound അല്ലെങ്കിൽ ചെറിയ ഷീറ്റ് കഷ്ണങ്ങൾ വച്ച് അടയ്ക്കുക

4. അസംസ്കൃത പദാർത്ഥ സംഭരണ ശാല / കാലിത്തീറ്റ സംഭരണശാല / പഴയ സൈലോ / പുതിയ സൈലോ എന്നിവിടങ്ങളിലെയും ഡോക്കുകളിലേയും ഇളകി കിടക്കുന്ന ഷീറ്റുകൾ അതാത് സ്ഥലത്ത് fix ചെയ്യുക.

5. മേൽക്കൂരയിലും ഡോക്കുകളിലും ഉള്ള പാത്തികൾ വൃത്തിയാക്കുക.

6. ഗോഡൗണുകളിലെ മുകളിലും വശങ്ങളിലും വളരുന്ന പാഴ്ചെടികൾ സമയാസമയങ്ങളിൽ നീക്കം ചെയ്ത് വൃത്തിയാക്കുക.

**നിബന്ധനകൾ :**

1. കേരള ഫീഡ്സിന്റെ ജീവനക്കാർക്കോ, കേരള ഫീഡ്സിലെ അംഗീകൃത ഹെഡ്ലോഡ് തൊഴിലാളികൾക്കോ ദർഘാസിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

2. മേൽപറഞ്ഞ ജോലികൾ തൃപ്തികരമായി നടത്തുവാൻ കഴിവുള്ളവരും അതിനാവശ്യമായ തൊഴിലാളികളെ സ്വന്തമായി വെച്ച് നടത്തുവാൻ കഴിവുള്ളവരുമായിരിക്കണം ദർഘാസ് നൽകേണ്ടത്. **മുകളിൽ സൂചിപ്പിച്ച ജോലികൾ ചെയ്ത് മുൻ പരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആയതിന്റെ രേഖകളുടെ കോപ്പി ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

3. ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തി ക്രിമിനൽ  കേസുകളിലൊന്നും ഉൾപ്പെട്ടിട്ടുണ്ടാവാൻ പാടുള്ളതല്ല. ഇത് വ്യക്തമാക്കുന്ന സ്വയം  സാക്ഷ്യപ്പെടുത്തിയ പത്രിക ദർഘാസിനൊപ്പം സമർപ്പിക്കണം.

4. കരാറുകാരൻ Income Tax PAN Card ന്റെ പകർപ്പ് ദർഘാസിനൊപ്പം നല്കേണ്ടതാണ്.

5. കരാറുകാരൻ  ജി.എസ്.ടി  സർട്ടിഫിക്കറ്റിന്റെ പകർപ്പ് ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

6. ഈ ജോലിയ്ക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കമ്പനി നൽകുന്നതാണ്.

7. ദർഘാസ് ഫോറം ഫീയായ ₹ **472/-** ( ₹ 400 /- + ജി.എസ്.ടി 18%) (രസീതി / DD) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

8. ദർഘാസിനോടൊപ്പം **4000/-** രൂപ *നിരതദ്രവ്യമായി* (EMD) കമ്പനിയിൽ അടച്ചതിന്റെ രസീതി /DD വയ്ക്കേണ്ടതാണ്.  നിരതദ്രവ്യം അടയ്ക്കാത്തവരുടെ ദർഘാസ് പരിഗണിയ്ക്കുന്നതല്ല.  ദർഘാസ് ഉറപ്പിച്ച ശേഷം ദർഘാസിൽ നിന്ന് പിൻമാറുകയോ വർക്ക് ഓർഡർ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്. കരാർ ലഭിക്കാത്തവരുടെ നിരതദ്രവ്യം, സാങ്കേതിക തടസ്സങ്ങളോ, വീഴ്ചയോ ഇല്ലാത്ത പക്ഷം തിരിച്ചു നല്കുന്നതാണ്.

9. കരാറുകാരൻ ഒരു വർഷത്തെ വർക്ക് ഓർഡർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

10. മതിയായ സുരക്ഷാ ക്രമീകരണങ്ങൾ കരാറുകാരൻ  തന്നെ സ്വീകരിക്കേണ്ടതാണ്. ജോലി സമയത്ത് തൊഴിലാളികൾക്ക് ഉണ്ടായേക്കാവുന്ന എല്ലാ അപകടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും . കമ്പനിയ്ക്ക് യാതൊരു ഉത്തരവാദിത്ത്വവും ഉണ്ടായിരിക്കുന്നതല്ല.

11. കരാർ പ്രവൃത്തികൾ തൃപ്തികരമായി ചെയ്ത് ബില്ല് സമർപ്പിക്കുന്നതിനനുസരിച്ച് കരാർ തുക ഓരോ മൂന്നു മാസം കൂടുമ്പോൾ നാല് തുല്ല്യ ഗഡുക്കളായിട്ടായിരിക്കും കമ്പനി നൽകുന്നത്.

12. കരാർ തൊഴിലാളികളുടെ പ്രോവിഡണ്ട് ഫണ്ട്, ഈ.എസ്.ഐ മുതലായ നിയമാനുസൃതമായ ബാധ്യതകൾ നിറവേറ്റുന്നതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും. കമ്പനിക്ക് അതിന്മേൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ഈയിനത്തിൽ കമ്പനിയ്ക്കു പ്രോവിഡണ്ട് ഫണ്ട്, ഈ.എസ്.ഐ എന്നിവയിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള fine, penalty ഇവ അടയ്ക്കേണ്ടതായി വന്നാൽ അവ കരാറുകാരന്റെ തുകയിൽ കുറവു വരുത്തുന്നതും ഇതു സംബന്ധിച്ച് 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ ഇന്റെമനിറ്റി ബോണ്ട് പൂരിപ്പിച്ചു നൽകേണ്ടതാണ്.

13. മേൽ വിവരിച്ച ജോലികൾക്കായി നിയോഗിക്കുന്ന ആളുകളുടെ സേവന വേതന വ്യവസ്ഥകളും അതുപോലെ തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ടതായ ആനുകൂല്യങ്ങളും, ബോണസ് , അഡ്വാൻസ്, ഉത്സവബത്ത എന്നിവയും പൂർണ്ണമായും കൊടുത്ത് തീർക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

14. ടെണ്ടർ നടപടിക്രമങ്ങൾക്കുള്ള സമയം പരിഗണിച്ചുകൊണ്ട് ദർഘാസ് തുറന്നതിനു ശേഷം 90 ദിവസത്തേക്ക് തന്നിരിക്കുന്ന ദർഘാസുകൾക്ക് സാധുതയുണ്ടായിരിക്കേണ്ടതാണ്. ഇക്കാലയളവിൽ യാതൊരു കാരണവശാലും ദർഘാസുകൾ പിൻവലിക്കാൻ പാടുള്ളതല്ല.

15. മേൽ പറയപ്പെട്ട ജോലികളിൽ വീഴ്ച വരുത്തുന്ന പക്ഷം യാതൊരു വിധ മുന്നറിയിപ്പും ഇല്ലാതെ കഷ്ടനഷ്ടങ്ങൾ ഈടാക്കുന്നതിനും ആവശ്യമെങ്കിൽ കരാർ റദ്ദു ചെയ്യുവാനും പകരം സംവിധാനം ഏർപ്പെടുത്തുവാനും കമ്പനിയ്ക്കു അധികാരം ഉണ്ടായിരിയ്ക്കും.

16. ദർഘാസിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നതിനും കൂട്ടിചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും കമ്പനി മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതിനാണ്.

17. കരാറുകാരന്റെ പ്രവൃത്തികൾ തൃപ്തികരമല്ലാത്ത പക്ഷം മുന്നറിയിപ്പു കൂടാതെ തന്നെ കരാർ റദ്ദു ചെയ്യുന്നതും കരുതൽ ധനം കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത കാലയളവിൽ നോട്ടീസു നല്കി കരാർ അവസാനിപ്പിക്കുന്നതിനും കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

18. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന എല്ലാ വിധ നികുതികളും കരാറുകാരൻ അടയ്ക്കാൻ ബാധ്യസ്ഥനാണ് അഥവാ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനോ അല്ലെങ്കിൽ കരാറുകാരൻ ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചതിന്റെ രേഖകൾ കമ്പനി ആവശ്യപ്പെടുന്ന പക്ഷം സമർപ്പിക്കുന്നതിനോ ബാധ്യസ്ഥനാണ്.

19. ദർഘാസ് സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അന്തിമ അധികാരം മാനേജിങ്ങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

20. പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ നിയമപരമായ നടപടികളും ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലായിരിക്കും .

മേൽ പറഞ്ഞ ജോലികൾ ഏറ്റെടുത്ത് നടത്തുവാൻ താല്പര്യമുള്ളവർ കമ്പനി നൽകുന്ന ഫോറത്തിൽ തന്നെ ദർഘാസ് തുക എഴുതി **01.07.2025ന് 1.00** മണിക്കുള്ളിൽ, പൂരിപ്പിച്ച് നൽകേണ്ടതാണ്. ദർഘാസുകൾ അന്നേ ദിവസം **2.00** മണിയ്ക്ക് തുറക്കുന്നതായിരിക്കും. നിശ്ചിത സമയത്തിന് ശേഷം നൽകുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

| | |
|---|---|
| **അവസാന തിയ്യതി** | **- 01.07.2025** |
| **സമയം** | **- 1.00 P M** |
| **നിരതദ്രവ്യം (EMD)** | **- 4000/- രൂപ.** |

ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും മെറ്റീരിയൽസ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടേണ്ടതുമാണ്.

**ഒപ്പ്**
**മാനേജിംഗ് ഡയറക്ടർ**

**<u>RMG , FPG, Old Silo & New Silo എന്നിവിടങ്ങളിലെ വിവിധ ഭാഗങ്ങളിലുള്ള ചോർച്ചകൾ അടക്കുന്നതിനും , ഗട്ടറുകൾ വൃത്തിയാക്കുന്നതിനും വേണ്ടിയുള്ള ദർഘാസ് ഫോറം.</u>**

പേര് :

വിലാസം :

ഫോൺ നമ്പർ :

മൊബൈൽ നമ്പർ :

നിരതദ്രവ്യം അടച്ച രസീത് നമ്പർ/ DD :

**<u>മൊത്തം തുക (ജി.എസ്.ടി യും , മറ്റു നികുതികളും ഉൾപ്പെടെ)</u>**

| | |
|---|---|
| **ഈ ജോലി ചെയ്തു തീർക്കുന്നതിനു ഒരു വർഷത്തേയ്ക്കുള്ള തുക:** | ₹ |

**തുക (അക്ഷരത്തിൽ)** :

***(ജി.എസ്.ടി യുടെ നിലവിലുള്ള നിരക്കിൽ വ്യത്യാസം വരുകയാണെങ്കിൽ അതിനു ആനുപാതികമായ വ്യത്യാസം കരാർ നിരക്കിൽ വരുത്തുന്നതായിരിക്കും.)***

Work Order ലഭിച്ച് രണ്ടാഴ്ചക്കുള്ളിൽ കമ്പനിയ്ക്ക് തൃപ്തികരമായ രീതിയിൽ ജോലി ചെയ്ത് തുടങ്ങാമെന്നും പിന്നീട് രണ്ടു വർഷകാലയളവിനുള്ളിൽ വരുന്ന ജോലി കമ്പനി അറിയിക്കുന്ന മുറയ്ക്ക് ചെയ്ത് തീർത്തു കൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു. ഇതോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കുന്നു:

1. പ്രവൃത്തി പരിചയം സംബന്ധിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ.
2. PAN കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. ജി.എസ്.ടി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലെന്ന് സ്വയം നല്കുന്ന സാക്ഷ്യപത്രം.

എന്ന്

**പേര്:**

**ഒപ്പ് :**